# എ.കെ.ജി. സ്മൃതി മ്യൂസിയം - ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം -അന്തിമ റിപ്പോർട്ട്.



**15.01.2020**

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
(കയ്റോസ്, കണ്ണൂർ )

## **എ.കെ.ജി. സ്മൃതി മ്യൂസിയം - ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം -അന്തിമ റിപ്പോർട്ട്.**

കണ്ണൂർ ജില്ലയിൽ, കണ്ണൂർ താലൂക്കിൽ മക്രേരി അംശം ദേശത്തുഎ.കെ.ജി. സ്മൃതി മ്യൂസിയം നിർമ്മിക്കുന്നതിന്, കോട്ടം ദേശത്തെ 3.21 ഏക്കർ സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുന്നതിന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി സാമൂഹ്യ ആഘാത പഠനം നടത്താൻ ചുമതലപ്പെട്ട കയ്റോസ്, കണ്ണൂർ പ്രസ്തുത പഠനം നടത്തി തയാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം

**ആമുഖം**

1927 മുതൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സജീവപ്രവർത്തകനായി സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ മുന്നണിയിൽ പ്രവർത്തിച്ചു നടന്നു 1939 മുതൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെ വളർന്നു തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു ജനനേതാവാണ് എ.കെ.ജി. 1930 ൽ 26 ആം വയസ്സിൽ ആദ്യ ജയിൽ വാസം ഇന്ത്യ സ്വാതന്ത്രമാവുന്ന 1947 ഓഗസ്റ്റ് 15 നു പോലും ജയിലിൽകിടക്കേണ്ടി വന്ന എ.കെ.ജി ജനകീയ പോരാട്ടങ്ങളുടെ നെടുനായകത്വം വഹിച്ചിരുന്നു.5 തവണ പാർലമെൻറ് അംഗമായിരുന്ന ഇദ്ദേഹം സ്വാതന്ത്ര്യ സമരകാലത്തു ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനെക്കൂടാതെ സാമൂഹ്യ സാമ്പത്തീക സ്വാതന്ത്ര്യത്തിനുവേണ്ടിയും അതിശക്തമായി പോരാടിയിരുന്നു. കോഫി ബോർഡിൻറെ കീഴിലുണ്ടായിരുന്ന കോഫീ ഹൗസിലെ ജീവനക്കാർ പുറത്താക്കപ്പെട്ടപ്പോൾ അവരെ സംഘടിപ്പിച്ച ഇന്ത്യൻ കോഫീ ഹൗസ് എന്ന തൊഴിലാളികളുടെ സഹകരണ സംഘം 1950 ൽ സ്ഥാപിക്കുകയും, ഇന്ന് സഹകരണ മേഖലയിലെ മികച്ച സ്ഥാപനമായി പടർന്നു പന്തലിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ 1.10.1904 ൽ ജനിച്ചു. ഇതിഹാസതുല്യമായ സമരങ്ങൾ നയിച്ച് 22 .03 .1977 നു വിസ്മൃതിയിലേക്കു മടങ്ങിയ ഈ വിപ്ലവനായകന് അദ്ദേഹത്തിന്റെ ജന്മനാട്ടിൽ, ജനിച്ചു വളർന്ന സ്ഥലത്തു തന്നെ ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിന് 2018 - 2019 ലെ ബഡ്ജറ്റിൽ 10 കോടി

രൂപ നീക്കിവെക്കുകയും ചെയ്തിരുന്നു. പരിസ്ഥിതി സൗഹൃദമായ ഒരു സ്മാരകം എ.കെ.ജി മ്യൂസിയം എന്ന നിലയിൽ സ്ഥാപിക്കുന്നതിനായി പെരളശ്ശേരിയിൽ, അഞ്ചരക്കണ്ടി പുഴയുടെ സമീപത്തുള്ള 3.21 ഏക്കർ സ്വകാര്യ ഭൂമി കോട്ടം ദേശത്തു ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ ഭൂമി ഏറ്റെടുത്തു situational designing എന്ന പരിസ്ഥിതി സൗഹൃദമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു മ്യൂസിയം നിർമ്മിക്കുന്നതിനാണ് സർക്കാർ മുന്നോട്ടു വന്നിരിക്കുന്നത്. പള്ളിയത്ത് കീഴത്തൂർ ഭാഗങ്ങളെ അഞ്ചരക്കണ്ടി പുഴക്ക് കുറുകെ ബന്ധിപ്പിക്കുന്ന തൂക്കുപാലം സഞ്ചാരികളെ ഈ ഭാഗത്തേക്ക് ആകർഷിക്കുന്നതാണ്. പഴയകാലത്തു ഇവിടുത്തെ നാട്ടുകാർ മക്രേരി കീഴാലൂർ ഭാഗങ്ങളെ ബന്ധപ്പെടാൻ ആശ്രയിച്ചിരുന്നത് പുഴയോരത്തുള്ള നടപ്പാതയായിരുന്നു. എന്നാൽ പ്രദേശത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തായി വാഹനഗതാഗത സൗകര്യമുള്ള റോഡുകൾ വന്നപ്പോൾ ഈ വഴി ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. ഇവിടെ മ്യൂസിയത്തോടൊപ്പം കോൺഫറൻസ് ഹാൾ,റഫറൻസ് സൗകര്യങ്ങൾ എന്നിവ ഒരുക്കാൻ മ്യൂസിയം വകുപ്പ് ആലോചിക്കുന്നു. പരിസ്ഥിതിയോടു ഇണങ്ങിയ രീതിയിൽ, മ്യൂസിയവും അനുബന്ധ സൗകര്യങ്ങളും ഒരുക്കാനും അതുവഴി കൂടുതൽ സഞ്ചാരികളെ ഇവിടേയ്ക്ക് ആകർഷിക്കാനും കഴിയും. CRZ ബാധകമാകാത്ത തരത്തിൽ പുഴയുടെ സൗന്ദര്യവത്ക്കരണം, ദീപാലങ്കാരം, നടപ്പാത, അതുവഴി പ്രഭാതസവാരിക്കാരെ ആകർഷിക്കാനും പദ്ധതിയുണ്ട്. സഞ്ചാരികൾക്കു താമസിക്കാനുള്ള സൗകര്യം, കൺവെൻഷൻ സെന്റർ, ഓപ്പൺ തീയേറ്റർ എന്നിവയും ഇതിന്റെ ഭാഗമായി ഉണ്ടാകും. വരാനിരിക്കുന്ന തലമുറയ്ക്ക് എ.കെ.ജി എന്ന അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ പടത്തലവന്റെ ജീവിതത്തെക്കുറിച്ചു അടുത്തറിയാനുള്ള ഡിജിറ്റൽ മ്യൂസിയവും ഇതിന്റെ ഭാഗമായി ഉണ്ടാകും. വടക്കേ മലബാറിലെ പ്രശസ്തമായ പെരളശ്ശേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം ഇവിടെ സ്ഥിതിചെയ്യുന്നു. നാഗാരാധന വളരെ പ്രധാനമായ ഈ ക്ഷേത്രത്തിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽനിന്നായി ഭക്തർ ധനു മാസത്തിലെ 8 ദിവസങ്ങളിലായി നടക്കുന്ന വാർഷിക ഉത്സവത്തിൽ പങ്കാളികളാകാൻ വരുന്നു. ഭഗവാൻ സുബ്രഹ്മണ്യൻ സർപ്പ രൂപത്തിൽ പ്രതിഷ്ഠിതമായിട്ടുള്ള ക്ഷേത്ര പരിസരത്താണ് എ.കെ.ജി മ്യൂസിയം സ്ഥാപിക്കപ്പെടാനുള്ള സ്ഥലം.

അതിനാൽ തന്നെ ഏറെക്കുറെ സഞ്ചാരികളെ ആകർഷിക്കാൻ ഉതകുന്നതിനാൽ അതിനനുസരിച്ചുള്ള നിർമ്മിതിയായിരിക്കും ഇവിടെ ഉദ്ദേശിക്കുന്നത്. ഈ സ്ഥലത്തിന്റെ വടക്കു പടിഞ്ഞാറു ഭാഗത്തുകൂടി ടെംബിൾ വെസ്റ്റ് റോഡ് കടന്നുപോകുന്നു. ഇതിനു അല്പം പടിഞ്ഞാറുഭാഗത്തായി സുബ്രഹ്മണ്യ ക്ഷേത്രവുമായി ബന്ധപ്പെടുന്ന കലശ പറമ്പും സ്ഥിതിചെയ്യുന്നു.

കണ്ണൂർ ജില്ലയിലെ മക്രേരി അംശത്തിൽപെട്ട പെരളശ്ശേരിയിൽ സ്വാതന്ത്ര്യ സമരസേനാനികളെക്കുറിച്ചും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഇതിഹാസ തുല്യരായ നേതാക്കന്മാരെ കുറിച്ചും പഠിക്കാൻ ആഗ്രഹിക്കുന്ന പൊതുസമൂഹത്തിന് ഏറ്റവും ആവശ്യമായ വിജ്ഞാനപ്രദവും രസകരവുമായ വിവരങ്ങളുടെ ഒരു കലവറ ഒരുക്കാനാണ് മ്യൂസിയം വകുപ്പ് ഉദ്ദേശിക്കുന്നത്.ഈ മ്യൂസിയത്തിലെ വിവരശേഖരണത്തെ പ്രധാനമായും മൂന്നായി തരംതിരിച്ചിരിക്കുന്നു.

**a**) സ്വാതന്ത്ര്യസമരത്തിനും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുംഎ.കെ.ജിയുടെ ജീവിത കാലഘട്ടത്തിൽ നൽകിയ സംഭാവനകൾ.

**b**) ആധുനിക ഇന്ത്യൻ ചരിത്രത്തിന്റെ ക്രമമായ വികാസവും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രവും.

**c**) ഇന്ത്യയുടെ സ്വാഭാവിക ചരിത്രമുൾപ്പെടെയുള്ള സ്വാതന്ത്ര്യ സമരചരിത്രം

കേരളചിത്രത്തിനു മുൻഗണന നൽകി നിർമ്മിക്കാനുദ്ദേശിക്കുന്ന ഈ മ്യൂസിയത്തിന്റെ നിർമ്മിതിക്കും പ്രത്യേകത ഉണ്ട്. അഞ്ചരക്കണ്ടി പുഴയോട് ചേർന്ന് കിടക്കുന്ന ഈ സ്ഥലത്തിന്റെ പടിഞ്ഞാറു ഭാഗത്തായി ചെമ്പകശ്ശേരി പറമ്പിനെയും പള്ളിയത് പറമ്പിനെയും വേർതിരിക്കുന്ന ഒരു ചെറിയ തോടുണ്ട്. ഈ പറമ്പിനുസമീപത്തുള്ള കലശ പറമ്പിന്റെ തെക്കുവടക്കായി കിടക്കുന്ന ഈ വഴിയിലൂടെ കിഴക്കോട്ടു ഒഴുകി അഞ്ചരക്കണ്ടി പുഴയിൽ ചെന്ന് ചേരുന്ന ഈ തോടിനെ അതിന്റെ സ്വാഭാവികത നിലനിർത്തി സംരക്ഷിച്ചുകൊണ്ടും ചുറ്റുപാടുമുള്ള ഗ്രാമീണപ്രകൃതിയെയും പച്ചപ്പിൻറേയും മരങ്ങളെയും അതുപോലെനിലനിർത്തി, പരിസ്ഥിതി സുഹൃദമായ തോതിലുള്ള നിർമ്മിതിയായിരിക്കും അവലംബിക്കുക. അതുപോലെതന്നെ സാധാരണ രീതിയിലുള്ള ഗ്രൗണ്ട് ലെവെലിന് പകരം , പ്രകൃതിഭംഗിക്കൊ

ദൃശ്യഭംഗിക്കൊ വിഘാതം ഉണ്ടാക്കാത്ത രീതിയിലുള്ള സ്ഥിതിവിശേഷത്തിനു അനുസരിച്ചുള്ള (സിറ്റുവേഷണൽ ഡിസൈനിങ് ) രൂപരേഖ തയാറാക്കിയായിരിക്കും നിർമ്മാണം നടത്തുക എന്ന് മനസ്സിലാക്കാൻ സാധിച്ചു.

ഗുരുവായൂർ സത്യാഗ്രഹം, കണ്ടോത്തു സമരം തുടങ്ങിയ ജനകീയ പ്രക്ഷോഭത്തിന്റെ മുന്നണിപോരാളിയായിരുന്ന എ.കെ.ജി, ഭൂരഹിതരായിരുന്ന കർഷക തൊഴിലാളികളുടെയും മറ്റുസാധരണക്കാരുടെയും അവകാശസമരങ്ങൾക്ക് നേതൃത്വം വഹിച്ചിരുന്നു. തുടർന്ന് 1951- ൽ അഖിലേന്ത്യാ കിസാൻ സഭ പ്രെസിഡന്റാവുകയും ചെയ്തു. ബ്രിട്ടീഷ് ഭരണകാലത്തു ഇന്ത്യൻ കോഫീ ബോർഡിൻറെ കീഴിൽ 1936 - ൽ പ്രവർത്തിച്ചുവന്നിരുന്ന ഇന്ത്യൻ കോഫീ ഹൗസ് നിലവിലുണ്ടായിരുന്ന നയമാറ്റത്തെ തുടർന്ന് അടച്ചുപൂട്ടൽ ഭീഷണിയുയർന്നപ്പോൾ അവിടുത്തെ തൊഴിലാളികളെ സംഘടിപ്പിച്ചു ഒരു സഹകരണ സംഘം രൂപീകരിക്കുകയും ആ സംഘം ഇന്ത്യൻ കോഫീ ഹൗസ് ഏറ്റെടുക്കുകയും ചെയ്തത് അന്നത്തെ ഒരു വൻ ഉദ്യമം തന്നെയായിരുന്നു. ഇന്ന് കേരളത്തിലുടനീളം രണ്ടുമേഖലകളിലായി തിരുവിതാംകൂർ കൊച്ചി മേഖലയിലെ തൃശൂർ സഹകരണസംഘം, മലബാർ മേഖലയിലെ കണ്ണൂർ സഹകരണ സംഘവും പ്രവർത്തിച്ചു വരുന്നു. മലബാർ മേഖലയിലായി 26 ശാഖകൾ പ്രവർത്തിച്ചുവരുന്നു, തൃശൂർ സംഘത്തിന്റെ കീഴിലായി 50 ശാഖകൾ പ്രവർത്തിച്ചുവരുന്നു. ഇതിനു നേതൃത്വം നൽകിയത് എ.കെ.ജിയായിരുന്നു. 1952 മുതൽ 489 അംഗങ്ങളുണ്ടായിരുന്ന ലോകസഭയിൽ കേവലം 16 സി.പി.ഐ അംഗങ്ങളെനയിച്ചു തന്റെതായ വ്യക്തി പ്രഭാവം കൊണ്ട്, അംഗീകരിക്കപ്പെട്ടതല്ലെങ്കിലും പാർലമെൻറ് പ്രതിപക്ഷത്തിന്റെ വേറിട്ട ശബ്ദമായി തിളങ്ങിയ എ.കെ.ജിയുടെ സ്മരണയ്ക്കായി, അദ്ദേഹത്തിന്റെ ജന്മദേശത്തു തന്നെ ആരംഭിക്കാൻ പോകുന്ന ഈ മ്യൂസിയം എന്തുകൊണ്ടും ജനശ്രദ്ധ ആകർഷിക്കാനുതകുന്ന പദ്ധതി തന്നെയായിരിക്കും.

## ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം

അഞ്ചരക്കണ്ടി പുഴയുടെ പടിഞ്ഞാറു ഭാഗത്തായിരിക്കുന്നതും കണ്ണൂർ താലൂക്കിലെ മക്രേരി വില്ലേജിലെ കോട്ടം ദേശത്തു, പെരളശ്ശേരി അമ്പലത്തിനു സമീപത്തായി കിടക്കുന്ന 3.21 ഏക്കർ സ്ഥലമാണ് എ.കെ.ജി മ്യൂസിയം നിർമ്മാണത്തിനായി ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്നത്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.



| ക്രമ നമ്പർ | സർവ്വേ നമ്പർ | വിസ്തീർണം |
|---|---|---|
| 1 | 7/15 | 0.1657 |
| 2 | 7/3 | 0.3783 |
| 3 | 7/4 | 0.2922 |
| 4 | 7/17 | 0.2096 |
| 5 | 7/6 | 0.0726 |
| 6 | 7/19 | 0.1820 |
| | **ആകെ** | **1.3004 ഹെക്ടർ** |
| | | **(3.21 ഏക്കർ )** |

**പകരം ഭൂമി ലഭ്യത**

എ.കെ.ജി സ്മൃതി മ്യുസിയം സ്ഥാപിക്കുന്നതിനായി മക്രേരി വില്ലേജിലെ കോട്ടം ദേശത്തു അഞ്ചരക്കണ്ടി പുഴയോട് ചേർന്ന് കിടക്കുന്ന 3.21 ഏക്കർ ഭൂമിയാണല്ലോ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഈ സ്ഥലം പൊതുവെ ഒഴിഞ്ഞു കിടക്കുന്ന പറമ്പാണ്. ഒറ്റയൊറ്റ വലിയ മരങ്ങൾ മാത്രമുള്ള ചെറിയ വള്ളിപ്പടർപ്പുകളും മറ്റുമുള്ള സ്ഥലം. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിനുള്ളിൽ 9½ സെന്റ് സ്ഥലത്തു കുടികിടപ്പായി കിട്ടിയ ഭൂമിയിൽ ഒരു കുടുംബം താമസിക്കുന്നുണ്ട്.

യാതൊരു തരത്തിലുള്ള അനുഭവങ്ങളോ അതുപോലെ സ്ഥാപനങ്ങളോ ഒന്നുമില്ലാത്ത ഈ സ്ഥലം പൊതുവെ കാലിയായി ഒഴിഞ്ഞുകിടക്കുന്നതാണ്. പ്രധാനപ്പെട്ട രണ്ടു സ്ഥലമുടമകളും ഇത് വിട്ടുകൊടുക്കാൻ സന്നദ്ധരുമാണ്. അതുപോലെ പൊതുവെ ന്യായമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ ഇതിലെ കുടികിടപ്പുകാരും ഒഴിഞ്ഞു പോകാൻ തയാറാണ്. മൊത്തത്തിൽ നോക്കുകയാണെങ്കിൽ,



പരിസ്ഥിതി സൗഹൃദമായ എ.കെ.ജി മ്യൂസിയം സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണിത്. ഇത്രയും അനുയോജ്യമായ ഭൂമി ഈ ആവശ്യത്തിന് ഇവിടെ കിട്ടാൻ സാധ്യതയില്ല. അതിനാൽ തന്നെ പകരം ഭൂമി എന്നത് തത്കാലം ആലോചിക്കേണ്ടതില്ല.

**<u>ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ</u>**

എ.കെ.ജിയുടെ ജന്മസ്ഥലമായ പെരളശ്ശേരിയിൽ എ.കെ.ജി സ്മൃതിമ്യൂസിയം സ്ഥാപിക്കുന്നതിനായാണ് സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നത്. 2018 ഫെബ്രുവരി 3 ആം തീയതി വെള്ളിയാഴ്ചയിലെ ബജറ്റ് ചർച്ചയ്ക്കിടെ എ.കെ.ജിയുടെ സ്മൃതിമ്യുസിയത്തിനായി 10 കോടി രൂപ ബഡ്ജറ്റിൽ നീക്കിവെച്ചതായി പ്രസ്താവിച്ചിരുന്നു. തുടർന്ന് മ്യൂസിയം നിർമ്മാണത്തിന്റെ ചുമതല കേരള സർക്കാരിന്റെ കീഴിലുള്ള മ്യൂസിയം, മൃഗശാല വകുപ്പിന് നൽകുകയും ചെയ്തിരുന്നു. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാധികാരിയായ മ്യൂസിയം ഡയറക്ടർ, സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനു സർക്കാരിനെ സമീപിക്കുകയും ചെയ്തിരുന്നു. മ്യൂസിയം നിർമ്മിക്കപ്പെടുന്നത് സ്വാതന്ത്ര്യ സമരസേനാനിയും, പാവങ്ങളുടെ പടത്തലവനെന്നു വിശേഷിപ്പിക്കപ്പെടുകയുംചെയ്യുന്ന എ.കെ.ജിയുടെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ ജന്മനാട്ടിലാണ്. മ്യൂസിയം നിർമ്മാണത്തിനുള്ള തുക അനുവദിക്കപ്പെടുന്നത് പൊതു ഖജനാവിൽനിന്നാണ്. നിർമ്മാണത്തിനുള്ള പൂർണ ചുമതല സർക്കാർ

വകുപ്പായ മ്യൂസിയം വകുപ്പിനാണ്. മ്യൂസിയം നിർമ്മിക്കപ്പെടുന്നത് സ്വാതന്ത്ര്യ സമരചരിത്രവും മറ്റും പഠിക്കാൻ ആഗ്രഹിക്കുന്ന പൊതു സമൂഹത്തിനു വേണ്ടിയാണ്. അതിനാൽ തന്നെ ഈ ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് തന്നെയാണ്.

**ഭൂമിയുടെ സ്വഭാവം**

അഞ്ചരക്കണ്ടി പുഴയുടെ പടിഞ്ഞാറു ഭാഗത്തെ കരയോട് ചേർന്ന് കിടക്കുന്നതും ടെംബിൾ ഈസ്റ്റ് റോഡിൻറെ കിഴക്കുവടക്കു ഭാഗത്തായി സ്ഥിതിചെയ്യുന്നതുമായ ഈ ഭൂമി പൊതുവെ തോട്ടം വിഭാഗത്തിൽ പെടുന്നു. ഈ സ്ഥലത്തിന്റെ തെക്കു ഭാഗത്തുകൂടി പള്ളിയത്ത്-കീഴത്തൂർ തൂക്കുപാലം റോഡും സ്ഥിതി ചെയ്യുന്നു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പൊതുവെ പാഴ്ചെടികളും പാഴ്മരങ്ങളും ഉള്ള സ്ഥലമാണ്. വർഷങ്ങൾക്കു മുൻപ് ഈ പറമ്പിലൂടെ പുഴയോരത്തുകൂടെ മക്രേരി കീലാലൂര് ഭാഗത്തെ ജനങ്ങൾ നടവഴിയായി ഉപയോഗിച്ച് വരുന്നു. ക്രമേണ ഈ പറമ്പിന്റെ വടക്കുപടിഞ്ഞാറു ഭാഗത്തു റോഡുവന്നതോടുകൂടി ഈ വഴിയിലൂടെയുള്ള യാത്ര ഒഴിവായി. നേരത്തെ സൂചിപ്പിച്ചതുപോലെ പെരളശ്ശേരി സുബ്രഹ്മണ്യക്ഷേത്ര പറമ്പിന്റെ സമീപത്തായുള്ള ഈ പറമ്പിന്റെ പടിഞ്ഞാറുവശത്തായി 'കലശ പറമ്പ്' എന്നറിയപ്പെടുന്ന സ്ഥലമുണ്ട്. ഈ 3.21 ഏക്കർ സ്ഥലത്തിനുള്ളിൽ 9½ സെന്റിൽ പി. ശാരദ എന്നവർ താമസിച്ചുവരുന്നു.

**<u>ഭൂമിയുടെ ഉടമസ്ഥർ</u>**

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണം | സ്വഭാവം |
|---|---|---|---|
| 1 | പുഷ്പവല്ലി മുതൽപേർ | 0.544 | തോട്ടം |
| 2 | പന്ന്യൻ ശാരദ | 0.2922 | " |
| 3 | എ.പി. മുഹമ്മദ് മുതൽപേർ | 0.4642 | " |
| | **ആകെ** | **1.3004 (3.21 ഏക്കർ)** | |

മേലെ ഒന്നാം നമ്പറായി കാണിച്ച സ്ഥലത്തിന് നിലവിൽ 22 അവകാശികളാണ് ഉള്ളത്. ഓരോ ആളിനും 6 സെൻറ് വീതമായിട്ടാണ് ഇത് വിഭജിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ പന്ന്യൻ ശാരദയുടെ സ്ഥലം മേൽ ഒന്നാം നമ്പർകാരിൽനിന്നും കുടികിടപ്പായികിട്ടിയ സ്ഥലമാണ്. ക്രമനമ്പർ 3 ആയി

കാണിച്ച എ.പി.മുഹമ്മദ് മുതൽ പേരുടെ സ്ഥലം ഇപ്പോൾ നാലുപേരുടെ കൈവശമാണ്. എല്ലാവരും ഒരു കുടുംബത്തിന്റെ താവഴികളിൽപെട്ടവർ തന്നെയാണ്.

## കൃഷികൾ

നേരത്തെ സൂചിപ്പിച്ചതുപോലെ വിശാലമായ ഈ സ്ഥലം പൊതുവെ പാഴ്ചെടികളും വള്ളിപ്പടർപ്പുകളും കൊണ്ട് നിറഞ്ഞിരിക്കുന്ന സ്ഥലമാണ്. ഈ സ്ഥലം മ്യൂസിയത്തിനായി ഏറ്റെടുക്കപ്പെടും എന്ന ധാരണ ഉള്ളതിനാൽ ഉടമകൾ ഇവിടെ ഒന്നും ചെയ്യുന്നില്ല. ഈ പറമ്പിൽ മൊത്തമായി 20 തെങ്ങുകളും, 5 കവുങ്ങും, 7 തേക്ക്, 4 മാവ്, പനകൾ എന്നിവയാണ് ഉള്ളത്. വളപ്രയോഗമൊന്നും നടത്താത്തതിനാൽ, തെങ്ങുകളിൽ കായ്ഫലമൊന്നുമില്ല. അതിനാൽ തന്നെ കൃഷി എന്ന് പറയുന്ന രീതിയിൽ യാതൊന്നും തന്നെ വിശാലമായ ഈ സ്ഥലത്തു ഇല്ല എന്ന് രേഖപെടുത്തുന്നു.

## സ്ഥാപനങ്ങൾ

നേരത്തെ വ്യക്തമാക്കിയത് പോലെ ഇത് ഒഴിഞ്ഞു കിടക്കുന്ന പറമ്പാണ്. ഉടമകൾ പലരും പല ഭാഗത്താണ്. ഇവിടെ പൊതു ഇടമോ പൊതു സ്ഥാപനമോ ഇല്ല. എന്നാൽ ഏറ്റെടുക്കപെടുന്നതിനായി അടയാളപ്പെടുത്തിയ സ്ഥലത്തിനുള്ളിൽ അവിവാഹിതയായ പന്ന്യൻ ശാരദ, അവരുടെ സഹോദരിയുടെ മകളോടും ഭർത്താവിനോടും രണ്ടു കുട്ടികളോടുമൊപ്പം താമസിക്കുന്നു. സ്ഥലം വിട്ടു നല്കാൻ തയാറല്ലാതിരുന്ന 74 വയസ്സുള്ള ശാരദയും, മാരകമായ രോഗത്തിന് നിരന്തരം ചികിത്സ തേടിവരുന്ന സഹോദരീപുത്രിയും, ആഘാതപഠനം നടത്തുന്ന സമയത്തു, വിശദമായി ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, ന്യായമായ ധനസഹായം ലഭിക്കുകയും സമീപത്തുതന്നെ പുതിയ വീട് നിർമ്മിക്കാൻ സൗകര്യങ്ങൾ ലഭിക്കുകയും ചെയ്താൽ സ്ഥലം വിട്ടു നല്കാൻ സന്നദ്ധരാകുമെന്നു പ്രതീക്ഷിക്കുന്നു.

## സാമൂഹ്യാഘാത പഠനയൂണിറ്റിന്റെ ഘടന

എ.കെ.ജിയുടെ ജന്മസ്ഥലമായ പെരളശ്ശേരിയിൽ ചരിത്രാന്വേഷികളായ പൊതുസമൂഹത്തിന് ഗുണകരമാകുന്ന രീതിയിലുള്ള ആധുനിക മ്യൂസിയം സ്ഥാപിക്കുന്നതിന് കണ്ണൂർ

താലൂക്കിലെ മക്രേരി അംശം കോട്ടം ദേശത്തിൽപെട്ട സ്വകാര്യവ്യക്തികളുടെ കൈവശമുള്ള 3.21 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് ഉത്തരവാദിത്വം നൽകിയിരിക്കുന്നത് കണ്ണൂർ ബർണശ്ശേരി ആസ്ഥാനമായി കഴിഞ്ഞ 20 വർഷക്കാലമായി പ്രവർത്തിച്ചു വരുന്ന Track A NGO ആയ കയ്റോസ് (KAIROS Kannur Association For Integrated Rural Organization and Support) കണ്ണൂരിനെയാണ്. കണ്ണൂർ ജില്ലാ കളക്ടറുടെ 22.10.2019 ലെ DCKNR/12975/2018- C4 നമ്പർ നടപടിക്രമപ്രകാരമാണ് ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച ആധികാരികമായ വിജ്ഞാപനം 2019 നവംബർ 21 ലെ 2855 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ഫാ.ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ. കെ.വി.ചന്ദ്രൻ ( റിട്ട.ഫിഷറീസ് ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രീമതി. ജെസി റജി (ഡി.ടി.പി. ഓപ്പറേറ്റർ ) | അംഗം |
| 4 | ശ്രീ.റിബിൻ ( ഓഫിസ് അസിസ്റ്റന്റ് ) | അംഗം |

## പഠനോപാധികൾ

കണ്ണൂർ ജില്ലയിലെ, കണ്ണൂർ താലൂക്കിലെ മക്രേരി അംശം കോട്ടം ദേശത്തിലെ പെരളശ്ശേരി ഭാഗത്തു, അഞ്ചരക്കണ്ടി പുഴയോട് ചേർന്ന് റീ.സ 7/15, 7/3, 7/4, 7/17, 7/6, 7/19 എന്നീ സർവ്വേ നമ്പറുകളിൽപെട്ട 1.3004 ഹെക്ടർ സ്വകാര്യ ഭൂമി എ.കെ.ജി സ്മൃതിമ്യൂസിയം നിർമ്മിക്കുന്നതിനായി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് Stakeholder Analysis, Participatory Rural Appraisal, Beneficiary Assessment എന്നീ ഉപാധികളാണ് പ്രധാനമായും ഉപയോഗിച്ചിട്ടുള്ളത്.

## പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ

1. **തൊഴിലിനു ഉണ്ടാകുന്ന ആഘാതം**

നേരത്തെതന്നെ വ്യക്തമാക്കിയതുപോലെ, ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 3.21 ഏക്കർ ഭൂമി പൊതുവെ തരിശായി കിടക്കുന്ന തോട്ടം വിഭാഗത്തിൽ പെടുന്ന ഭൂമിയാണ്. ഈ വിസ്തൃതമായ പ്രദേശം പൊതുവെ പാഴ്ചെടികൾ നിറഞ്ഞുകിടക്കുന്ന സ്ഥലമാണ്. കൃഷികൾ എന്ന വിഭാഗത്തിൽ സൂചിപ്പിച്ചതുപോലെ ആകെ തെങ്ങും കവുങ്ങും പിന്നെ മാവും തെക്കും തുടങ്ങിയവ മാത്രമാണ് ഇവിടെയുള്ളത്. ഈ പ്രദേശത്തെ ആശ്രയിച്ചു ആരും ഒരു തൊഴിലിലും ഏർപ്പെട്ടിട്ടില്ല.

2. **വരുമാനത്തിനുള്ള ആഘാതം**

പ്രധാനമായും രണ്ടു കുടുംബക്കാരുടെ താവഴിയിൽപെട്ടവർക്ക് അവകാശപ്പെട്ട സ്ഥലമാണിത്. ഈ പ്രദേശത്തു യാതൊരു തരത്തിലുള്ള വരുമാനവും ലഭിക്കാൻ ഉതകുന്ന ഫലവൃക്ഷങ്ങളോ മറ്റു ചമയങ്ങളോ ഇല്ല. മൊത്തത്തിലുള്ള തെങ്ങുകളിൽ കായ്ഫലം ഏറെ കുറവാണ്. സ്ഥലം മ്യൂസിയം നിർമ്മാണത്തിനായി ഏറ്റെടുക്കപ്പെടാം എന്ന ധാരണയിൽ ഇവിടെ രണ്ടു മൂന്നു വർഷമായി ഒരു തരത്തിലുള്ള ദേഹണ്ഡങ്ങളും ഉടമകൾ നടത്താറില്ല. ആയതിനാൽ തന്നെ ഈ സ്ഥലം ഏറ്റെടുക്കുന്നത് കൊണ്ട് യാതൊരു ഉടമസ്ഥർക്കും വരുമാനത്തിന് കോട്ടമുണ്ടാകുന്നില്ല എന്നറിയിക്കുന്നു.

3. **പൊതുഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉള്ള ആഘാതം**

നേരത്തെതന്നെ വ്യക്തമാക്കിയതുപോലെ ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന സ്ഥലം പൊതുവെ വള്ളിപ്പടർപ്പുകളും പാഴ്ചെടികളും വളർന്നുകിടക്കുന്ന സ്ഥലമാണ്. ഇവിടെ പൊതുവായ ഇടങ്ങളോ പൊതുസ്ഥാപനങ്ങളോ ഇല്ല എന്ന് വ്യക്തമാക്കുന്നു. എന്നാൽ ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനുള്ളിൽ പന്ന്യൻ ശാരദ അവരുടെ സഹോദരിയുടെ മകളോടും ഭർത്താവിനോടും ഒപ്പം താമസിക്കുന്ന ഒരു വീട് ഉണ്ട്. ഇത് ഭൂവുടമയായിരുന്ന പരേതയായ ആമിന എ.പിയിൽ നിന്ന് കുടികിടപ്പായികിട്ടിയ സ്ഥലമാണ്. ഏറ്റെടുക്കാനുള്ള ഈ സ്ഥലത്തിന്റെ സ്കെച്ചിൽ ഇവരുടെ സ്ഥലം ഒഴിവാക്കി എടുക്കുകയാണെങ്കിൽ അത് മ്യൂസിയത്തിനു

അഭംഗിയായിരിക്കും. അതിനാൽ ഈ കുടുംബത്തെ വിശ്വാസത്തിലെടുക്കേണ്ടിയിരിക്കുന്നു.

4. <u>പാരിസ്ഥിതിക ആഘാതം</u>

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ തെക്കു, പടിഞ്ഞാറു, വടക്കു ഭാഗത്തു റോഡാണ്. കിഴക്കു ഭാഗത്തു അഞ്ചരക്കണ്ടി പുഴയും. മ്യൂസിയത്തിനായി സ്ഥലം ഏറ്റെടുക്കപെടുമ്പോൾ ഈ പറമ്പിനു ഒരു വശത്തുകൂടിയുള്ള ചെറിയ കനാൽ വൃത്തിയാക്കി അതിലൂടെ അഞ്ചരക്കണ്ടി പുഴയിലേക്ക് വെള്ളം ഒഴുക്കിവിടുന്നു. വലിയ മരങ്ങൾ ഒന്നും തന്നെ മുറിക്കാതെ പ്രകൃതിയെ പരിസ്ഥിതി സൗഹൃദമായി Situational Designing ലൂടെ സംരക്ഷിക്കാനും, CRZ നു അനുസരിച്ചു മാത്രമുള്ള നിർമ്മിതിയായിരിക്കും ഉണ്ടാവുക എന്ന് അറിയാൻ കഴിഞ്ഞു. അതിനാൽ തന്നെ ഇവിടെ ആധുനിക രീതിയിൽ ഉള്ള മ്യൂസിയം നിർമ്മിക്കുന്നത് കൊണ്ട് പരിസ്ഥിതിക്ക് യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നതല്ല.

**<u>പൊതുഅവകാശവാദയോഗം</u>**

മക്രേരി അംശത്തിലെ കോട്ടം ദേശത്തിലെ 3.21 ഏക്കർ സ്വകാര്യ ഭൂമി എ.കെ.ജി സ്മൃതിമ്യൂസിയം സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെടുത്തി ഭൂവുടമകളുടെയും മറ്റു തല്പരകക്ഷികളുടെയും ഒരു യോഗം 18.12.2019 നു ഉച്ചക്ക് 2 മണിക്ക് പെരളശ്ശേരി ഗ്രാമപഞ്ചായത്ത് ആഫീസിൽ വച്ച് ചേർന്നു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈ.പ്രസിഡന്റ്, വാർഡ് മെമ്പർമാർ ,സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ്, മ്യൂസിയം സൂപ്രണ്ട് അടക്കം , ഭൂവുടമകളും പൊതുപ്രവർത്തകരും പങ്കെടുത്ത യോഗത്തിൽ, ഇത്തരം ഒരു യോഗം വിളിക്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കുകയും ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുകയും ചെയ്തുകൊണ്ട് യൂണിറ്റ് അംഗം ശ്രീ.കെ.വി.ചന്ദ്രൻ സ്വാഗതം ആശംസിച്ചു.



ഗ്രാമപഞ്ചായത്തിന്റെ സമീപത്തായി നിർമ്മിക്കാനിരിക്കുന്ന എ.കെ.ജിമ്യൂസിയത്തെകുറിച്ചു ആമുഖമായി ശ്രീ.കെ.പി.ബാലഗോപാലൻ സംസാരിച്ചു. തുടർന്ന് പദ്ധതി നടത്തിപ്പിനെക്കുറിച്ച് സംസാരിച്ച മ്യൂസിയം സൂപ്രണ്ട് ശ്രീ.പ്രിയരാജൻ പി.എസ് ഭൂവുടമകളുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

**യോഗത്തിൽ ഉയർന്നുവന്ന നിർദേശങ്ങൾ**

1. **<u>പുഷ്പവല്ലിക്കുവേണ്ടി പ്രദീപൻ (ഭൂവുടമ)</u>**

ചെമ്പകശ്ശേരി ഭൂമിയെ പ്രതിനിധീകരിച്ചു സംസാരിക്കുന്നു. ഈ ഒരു ചരിത്ര സ്മാരകമായ മ്യൂസിയം ഈ മണ്ണിലേക്ക് വരുന്നതിനെ സ്വാഗതം ചെയ്യുന്നു. പ്രശസ്തമായ പെരളശ്ശേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന്റെ ഒരതിരിലാണ് ഈ സ്ഥലം. ഭൂമി വിട്ടുനൽകാൻ സമ്മതമാണ്.മികച്ച നഷ്ടപരിഹാരം ലഭിക്കണം. 26 പേരുടെ അവകാശത്തിൽ 1.32 ഏക്കറാണ് കാണിച്ചിരിക്കുന്നത്. ശെരിക്കും ഈ ഭൂമി 1.36 ഏക്കറാണ്. അതിനാൽ ആ നാല് സെന്റുകൂടി ഉൾപ്പെടുത്തി മൊത്തമായി എടുക്കണം.

2. **<u>ശ്രീ.വി.ആർ. കുട്ടികൃഷ്ണൻ (ഭൂവുടമ)</u>**

ഞങ്ങളുടെ തറവാട്ട് സ്വത്താണ്. ഏറെ പേർക്ക് അവകാശമുള്ള ഭൂമിയാണ്. ഇതിൽ കുറെയേറെപേർ ഭൂമി വിട്ടുനൽകാൻ സന്നദ്ധരാണ്.അല്പംചിലർ വിസമ്മതം അറിയിച്ചിരുന്നു . അത്തരത്തിലുള്ള ഒരു പ്രശ്നം നിലവിലുണ്ട്.

3. **<u>എം.പി.മുസ്തഫ (മുഹമ്മദ് മുതൽ പേർ)</u>**

നാല് വർഷമായി മ്യൂസിയം വരുന്നു എന്ന് കേൾക്കുന്നു. അതുകൊണ്ടു ഈ ഭൂമിയിൽ ദേഹണ്ഡങ്ങൾ ഒന്നും ചെയ്യാതിരിക്കുകയാണ്. ഇനിയെങ്കിലും വെച്ച് താമസിപ്പിക്കാതെ സ്ഥലം ഏറ്റെടുക്കാൻ നടപടി ഉണ്ടാകണം. ന്യായമായ നഷ്ടപരിഹാരം ലഭിക്കണം.

**<u>4. മജീദ് (സീനത്തിനു വേണ്ടി)</u>**

എ.കെ.ജി പോലുള്ള ഒരു മഹദ് വ്യക്തിയുടെ പേരിൽ വരുന്ന സ്ഥാപനത്തിന് ഭൂമിവിട്ടുകൊടുക്കാൻ തയാറാണ്. എത്രയും വേഗത്തിൽ ഈ പദ്ധതി നടപ്പിലായി കാണാൻ ആഗ്രഹിക്കുന്നു.ഏറ്റവും മികച്ച രീതിയിലുള്ള നഷ്ടപരിഹാരം ലഭിക്കണം . മുഹമ്മദ് മുതൽപേരുടെ സ്ഥലത്തുനിന്നു ഏകദേശം 8  വര്ഷം മുൻപ് 5 സെൻറ് സ്ഥലം മുയിനുൽ ഇസ്ലാം സഭയ്ക്ക് രജിസ്റ്റർ ചെയ്തു നല്കിയിട്ടുണ്ടായിരുന്നു.നഷ്ടപരിഹാരം നൽകുമ്പോൾ ഈ സ്ഥലത്തിന്റേത് പള്ളികമ്മിറ്റിക്ക് നൽകാനുള്ള നടപടിയുണ്ടാകണം.

**5. ശാരദയ്ക്ക് വേണ്ടി സജ്ലമധു (പറമ്പിൽ താമസിക്കുന്നവർ )**

ഈ പറമ്പിൽ താമസിച്ചുവരുന്നു 9 ½  സെന്റിലുള്ള എന്റെ വീട്ടുപറമ്പിനു ചുറ്റുപാടുമാണ് മ്യൂസിയത്തിനായി ഏറ്റെടുക്കുന്ന സ്ഥലം. സ്ഥലം ഏറ്റെടുക്കപ്പെട്ടുകഴിഞ്ഞാൽ ഞങ്ങളുടെ വീട്ടിലേക്കു വഴി ഉണ്ടാകുകയില്ല. വഴി ഉണ്ടാക്കിത്തീരണം,ഞാൻ ഒരു രോഗിയാണ്. രണ്ടു പെൺകുട്ടികളുടെ അമ്മയാണ്. ശാരദ വൃദ്ധയാണ്.പെരളശ്ശേരി അമ്പലത്തിൽ കൂലിപണിയെടുത്തു ജീവിക്കുന്നു. അവർക്കു നിത്യവും ജോലിക്ക് പോയിവരാൻ സൗകര്യപ്പെടുന്ന രീതിയിൽ സ്ഥലവും വീടും ലഭിക്കണം.

**6. ശാരദ.പി.**

സജ്ല രോഗിയായ സാഹചര്യത്തിൽ അവൾക്കോ വൃദ്ധയായ എനിക്കോ പുതിയ സ്ഥലം വാങ്ങി വീട് നിർമ്മിക്കുക പ്രയാസമാണ്. അതിനാൽ പള്ളിയത്ത് അല്ലെങ്കിൽ ബന്ധപ്പെട്ട പരിസരത്തുതന്നെ അനുയോജ്യമായ സ്ഥലം ലഭ്യമാക്കി വീട് നിർമ്മിച്ചുതരാൻ ബന്ധപ്പെട്ടവർ തയാറാകണം.

**7. വി.രഘു (സാമൂഹ്യപ്രവർത്തകൻ, മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റ്)**

പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തന്നെ സ്ഥലമുടമകളായ മജീദുമായും കുട്ടികൃഷ്ണനുമായും ഈ വിഷയം ചർച്ച ചെയ്തിരുന്നു. അവർ ഭൂമി വിട്ടു നല്കാൻ തയാറായിരുന്നു. ന്യായമായ നഷ്ടപരിഹാരം ലഭിക്കാൻ മുൻ എം.എൽ.എ. അടക്കമുള്ളവരുടെ സാന്നിധ്യത്തിൽ ചർച്ച

ചെയ്തിരുന്നു. സെന്റിന് 3 ലക്ഷം വരെയെങ്കിലും വില ലഭിക്കാനുള്ള ഇടപെടലുകൾ നടത്താൻ ഇവിടെയുള്ള കമ്മിറ്റി പരിശ്രമിക്കുന്നതാണ്. മ്യൂസിയം വന്നു കഴിഞ്ഞാലുള്ള സാഹചര്യവും പ്രയാസവും അവതരിപ്പിച്ചു. ധനസഹായം ചുവപ്പുനാടയിൽപെട്ടു നീണ്ടുപോകരുത്. ഉദാരമായ നിലപാട് സ്വീകരിക്കണം.

**8. ശ്രീ.പി.വി.ഭാസ്കരൻ (മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് )**

ഈ പദ്ധതി നടപ്പിലാക്കാൻ ഇത്രയും താമസിക്കുന്നത് എന്തുകൊണ്ടാണെന്ന് നാട്ടുകാർ അന്വേഷിക്കുന്നു.മഹാനായ എ.കെ.ജി താമസിച്ചിരുന്ന സ്ഥലം എന്നതിനാൽ ഒരു വ്യക്തിയെയും വേദനിപ്പിക്കാതെ കാര്യങ്ങൾ നടത്തണം. ഒരു കുടുംബത്തെ ഈ പദ്ധതി പ്രദേശത്തിനുള്ളിൽ നിലനിർത്തുക പ്രയാസമാണ്.ഈ സ്ഥലത്തിന് സമീപത്തു ശാരദയുടെ കുടുംബത്തിന് അവർക്കു അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭാവന നിർമ്മാണത്തിനടക്കം ധനസഹായം ലഭിക്കാൻ ശ്രമിക്കാവുന്നതാണ്.

**9. അനിൽ.വി.ആർ**

കൂട്ടുകുടുംബത്തിലെ അംഗങ്ങളുടെ ഭൂമിയാണ്. കുറേപേർ വിട്ടുകൊടുക്കാൻ തയ്യാറാവുകയും ചെയ്യുന്ന സാഹചര്യവും. ഇതുകൊണ്ടു കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്ന സാഹചര്യവും നിലനിൽക്കുന്നു. ബന്ധങ്ങൾക്ക് വിള്ളൽ വീഴാൻ ഈ ഭൂമി ഏറ്റെടുക്കൽ കാരണമായി.

**10. മോഹനൻ.വി.ആർ.**

നേരത്തെ മ്യൂസിയത്തിനു വേണ്ടി റെവന്യൂ അധികൃതർ അളന്നു തിട്ടപ്പെടുത്തിയ പ്ലാനിൽ ചെറിയ മാറ്റം വരുത്തണം. അളന്നു കഴിഞ്ഞു ഭൂമിയോടു ചേർന്ന് 4 സെന്റോളും ഭൂമിയുണ്ട്, ഇതുകൂടി ഏറ്റെടുക്കണം.

**11. അശോകൻ മലപ്പിലായി (സിക്രട്ടറി ഗ്രാമപഞ്ചായത്ത് )**

പുതിയ കെട്ടിടനിർമ്മാണനിയമത്തിൽ 100 മീറ്റർ അല്ലെങ്കിൽ പുഴയുടെ വീതി ഏതാണോ കുറവ്, അത് കഴിഞ്ഞേ സ്ഥിരം നിർമ്മാണം

നടത്താൻ കഴിയു. അത് പ്രത്യേകം ശ്രദ്ധിക്കപ്പെടണം. ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്തു നിർമ്മാണ പ്രവർത്തനത്തിന് അവരുടെ അനുമതി തേടേണ്ടതാണ്. അങ്ങിനെയെങ്കിൽ ആ സ്ഥലം കൂടി ഈ പദ്ധതിക്കായി ഏറ്റെടുക്കാവുന്നതാണ്.

**12. പ്രിയരാജൻ (മ്യൂസിയം സൂപ്രണ്ട് )**

പങ്കെടുത്തവർ പ്രധാനമായും സ്ഥലത്തിന്റെ വിസ്തൃതിയെ കുറിച്ചും പ്ലാനിനെ കുറിച്ചും സംശയങ്ങൾ ഉന്നയിച്ചിരുന്നു. അതിനെ സാം,ബന്ധിച്ചു വ്യക്തത വരുത്തുന്നതിനായി ആദ്യ ഘട്ടത്തിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തിയ സർവെയർമാരുടെയും പരിസരവാസിയായ പ്രമോദിന്റേയും സഹായം തേടി പ്രശ്ന പരിഹാരം തേടാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടു.



**പൊതു അഭിപ്രായം**

നിലവിലുള്ള വിലയുടെ ഇരട്ടിയിലധികം വില ലഭിക്കണം. സമീപകാലത്തു ഈ സ്ഥലത്തിന്റെ 5 കിലോമീറ്റർ പരിധിയിൽ കൈമാറ്റം നടന്ന 5 ആധാരങ്ങളുടെ വില താരതമ്യം ചെയ്തായിരിക്കണം വില നിശ്ചയിക്കുക. നിലവിലുള്ള വില പരിഗണിക്കുന്നതിന് പകരം മേൽ കാണിച്ച രീതിയിൽ വില കിട്ടണം. ഭൂവുടമകൾക്ക് കലക്ടറുമായി ചർച്ച ചെയ്തു കൂടുതൽ വില ലഭിക്കാൻ സാഹചര്യം ഉണ്ടാകണം. ഏതെങ്കിലും തരത്തിലുള്ള എതിർപ്പുകൾ ഉയരുന്ന സാഹചര്യത്തിൽ, വില നെഗോഷിയേറ്റ് ചെയ്യാനും അവസരം ഉണ്ടാകണം. ഭൂമി വിട്ടു കൊടുക്കുന്നവർക്ക് ഒരിക്കലും നഷ്ടം ഉണ്ടാകരുത്.

ചർച്ചയ്ക്കു ശേഷം യോഗം 4:30 നു അവസാനിച്ചു.

എ.കെ.ജി സ്മൃതിമ്യൂസിയം നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 3.21 ഏക്കർ ഭൂമി ഏറ്റെടുക്കുമ്പോൾ, തൊഴിലിനോ വരുമാനത്തിനോ, പരിസ്ഥിതിക്കോ പൊതുഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ല എന്ന് രേഖപ്പെടുത്തട്ടെ.

ഇവിടുത്തെ ഭൂവുടമകളിൽ ശ്രീമതി പന്ന്യൻ ശാരദയുടെ കുടുംബം ഒഴികെ ബാക്കിയുള്ളവർ സ്ഥലം വിട്ടു നല്കാൻ പൂർണമായും സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രായാധിക്യമുള്ള ശ്രീമതി ശാരദയും അവരുടെ സഹോദരിയുടെ മകളും രോഗിയുമായ സജില മധുവിനും, ഈ ചുറ്റുപാടിലെവിടെയെങ്കിലും 10 സെൻറ് സ്ഥലം ലഭിക്കുകയും സാമാന്യം നല്ല നഷ്ടപരിഹാരം ലഭിക്കുകയും ചെയ്താൽ അവർ കൂടി ഭൂമി വിട്ടു നൽകും. ആ ഭൂമി ലഭിക്കാതിരുന്നാൽ മ്യൂസിയം കോംബൗണ്ടിനുള്ളിൽ ഒരു കുടുംബം അകപ്പെടുക എന്നത് ഈ പദ്ധതിക്ക് ഒരു കല്ലുകടിയാകും അതിനാൽ അതിനനുസരിച്ചുള്ള ശ്രമങ്ങൾ ഉണ്ടാകണം. സാമൂഹ്യ ആഘാത പഠന യൂണിറ്റും ഈ കാര്യത്തിൽ പ്രത്യേകമായി ഇടപെടുന്നതായിരിക്കും.

ആയതിനാൽ പ്രകൃതിക്ക് ഏറ്റവും അനുയോജ്യമായ രീതിയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് ഒരു തരത്തിലുള്ള സാമൂഹ്യ ആഘാതങ്ങളും ഉണ്ടാകാനിടയില്ല എന്നും എല്ലാ അർത്ഥത്തിലും തികച്ചും അനുയോജ്യമാണ് ഈ സ്ഥലമെന്നും, അതിനാൽ തന്നെ ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകാമെന്നു അറിയിക്കുന്നു.

**15.01.2020**

**ചെയർമാൻ**
**സാമൂഹ്യ ആഘാത പഠന യൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ )**